സർക്കുലർ നമ്പർ SKJMCC/8/2019-20


# SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL

**Samasthalayam, Chelari, P.O. Thenhipalam, Malappuram-673 636.**
**Tel: 2400530, 2400749, Fax: 2400530 (0494)**
**website: www.skjmcc.com, Email: skjmccchelari@gmail.com**


## മുഅല്ലിം ദിനാചരണം

*ജില്ലാ, റെയ്ഞ്ച്, ജംഇയ്യത്തുൽ മുഅല്ലിമീൻ, മദ്റസ, മഹല്ല് മാനേജ്മെന്റ് കമ്മിറ്റി ഭാരവാഹികൾ, മുഅല്ലിം കൾ എന്നിവരെ അറിയിക്കുന്നത്*

മാന്യരെ, السلام عليكم

ശ്രദ്ധേയവും ദീനിസ്നേഹികൾ നെഞ്ചേറ്റിയതുമായ മഹത്പരിപാടിയാണല്ലോ മുഅല്ലിം ഡേ ആചരണം.

ദീനീ പഠനക്ലാസുകൾ, മരണപ്പെട്ടുപോയവരെ സ്മരിക്കലും സിയാറത്തും, പ്രാർത്ഥനയും, മഹല്ല് മദ്റസാ കൂട്ടായ്മക്ക് നേതൃത്വം നൽകിയവരെ പരിചയപ്പെടുത്തൽ, സേവനങ്ങളെ എടുത്തു പറയൽ, അവരെ ആദരിക്കൽ, ദിക്റ് ദുആകളാൽ നിർഭരമായ ആത്മസംസ്കരണവേദി എന്നിവക്കൊപ്പം നമ്മുടെ അരുമ സന്താനങ്ങളുടെ ഇഹപര വിജയത്തിനുതകുന്ന ദീനീവിജ്ഞാനം നൽകി ഉത്തമ പൗരന്മാരാക്കുന്ന മഹത്തായ സേവനത്തിൽ ഏർപ്പെട്ട പാവപ്പെട്ട ഉസ്താദുമാരുടെ വീട് നിർമാണം, പെൺമക്കളുടെ വിവാഹം, ചികിത്സ, പ്രസവസഹായം, മരണാനന്തര ക്രിയ, വിധവാസംരക്ഷണം, അത്യാഹിതം, അവശതാ സഹായം, മുഅല്ലിം പെൻഷൻ, മുഅല്ലിം മൻസിൽ തുടങ്ങിയ കാര്യങ്ങളിൽ സഹായം നൽകുന്ന മുഅല്ലിം ക്ഷേമനിധിയിലേക്കുള്ള ഫണ്ട് സമാഹരണം എന്നിവയും ഈ ദിനാചരണത്തിലൂടെ നിർവ്വഹിക്കപ്പെടുന്നു.

2018 ഏപ്രിൽ മുതൽ 2019 മാർച്ച് കൂടിയ ഒരു വർഷത്തിനിടയിൽ മുഅല്ലിം ക്ഷേമനിധി 1,21,18,500 രൂപ, മുഅല്ലിം സർവ്വീസ് ആനുകൂല്യം 44,03,900 രൂപ, മുഅല്ലിം പെൻഷൻ 52,15,448, മദ്റസാ റെയ്ഞ്ച് ജില്ലാ ഗ്രാന്റ് 64,36,150 രൂപ, അധ്യാപക വിദ്യാർത്ഥി അവാർഡ് 13,31,500 രൂപ, റെയ്ഞ്ച് സെക്രട്ടറി-പ്രസിഡണ്ട്-ചെയർമാൻ, മോഡൽ ക്ലാസ് അലവൻസ് 9,49,600 രൂപ എന്നിങ്ങനെ 3,04,55,098 രൂപ കൗൺസിൽ സഹായം നൽകിയിട്ടുണ്ട്.

അറുപതാം വാർഷികത്തിന്റെ സ്മരണക്കായി 2020 മുതൽ മുഅല്ലിംകൾക്ക് ഏറ്റവും സഹായകവും കൗൺസിലിന് ഭാരിച്ച ബാധ്യത വരുത്തുന്നതുമായ മുഅല്ലിം പാരിതോഷികം-മുഅല്ലിം ഗ്രാറ്റിവിറ്റി പദ്ധതിക്ക് തുടക്കമിട്ടിരിക്കുകയാണ്. അറുപത് വയസ്സും മുപ്പത്തി അഞ്ച് വർഷം സർവ്വീസും പൂർത്തിയാക്കിയ മുഅല്ലിമിന് ജോലിയിൽ നിന്ന് വിരമിക്കുമ്പോഴുള്ള ശമ്പളം പരിഗണിച്ച് ഒരു വർഷത്തിന് അഞ്ച് ദിവസം എന്ന തോതിൽ മുപ്പത്തി അഞ്ച് വർഷത്തിന് 175 ദിവസത്തെ വേതനം പാരിതോഷികമായി നൽകുന്നതാണ് പദ്ധതി. കേവലം ആറായിരം രൂപ ശമ്പളം പറ്റുന്ന ഒരാൾക്ക് 35 വർഷം സർവ്വീസ് പൂർത്തിയാക്കി പിരിയുമ്പോൾ 35,000 രൂപ പാരിതോഷികമായി ലഭിക്കും. (ഉദാ: 6000/30 = 200 X 175 = 35000). ഇതെല്ലാം കണക്കിലെടുത്ത് ഈ വർഷത്തെ മുഅല്ലിം ഡേയും സമ്മേളന ഫണ്ട് ശേഖരണവും പൂർവ്വോപരി വൻ വിജയമാക്കുന്നതിൽ ബദ്ധശ്രദ്ധരാകണമെന്ന് പ്രത്യേകം ഉണർത്തുന്നു.

മുൻകാലങ്ങളിലെ മുഅല്ലിം ഡേ വിജയിപ്പിച്ച മദ്റസാ മഹല്ല് മാനേജിങ് കമ്മിറ്റികൾ, മദ്റസാ മുഅല്ലിംകൾ, ദീനീ സ്നേഹികൾ, മറ്റു സമുദായ സംഘടനാ അനുഭാവികൾ തുടങ്ങി അതുമായി സഹകരിച്ച സഹായിച്ച സർവരെയും അല്ലാഹു അർഹിക്കുന്ന പ്രതിഫലം നൽകി ഇരുവീട്ടിലും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തുടർന്നും എല്ലാവരുടെയും പ്രാർത്ഥനയും അകമഴിഞ്ഞ സഹായസഹകരണം അഭ്യർത്ഥിക്കുന്നു.

## 2019 മുഅല്ലിം ദിനാചരണം

ഈ വർഷത്തെ മുഅല്ലിം ഡെ 2019 സെപ്തംബർ 15-നു ഞായറാഴ്ച മുൻവർഷങ്ങളിലെപ്പോലെ മദ്റസാ, മഹല്ല് പരിധിയിലെ മുസ്ലിം ബഹുജനങ്ങളെ ഒരുമിച്ചുകൂട്ടി താഴെ കാണിച്ച പരിപാടികളോടെ പൊതു പരിപാടിയും സെപ്തംബർ 20-ന് വെള്ളിയാഴ്ച ക്ഷേമനിധി ഫണ്ട് സമാഹരണവും നടത്തേണ്ടതാണ്.

## ചെയ്യേണ്ടവ

**I: പ്രാരംഭം**

മഹല്ല് നേതൃയോഗം (മഹല്ല്, മദ്റസാ ഭാരവാഹികൾ, ഉസ്താദുമാർ, സംഘടനാ പ്രവർത്തകർ) എന്നിവരെ സംബന്ധിപ്പിച്ച് മദ്റസാതല സ്വാഗതസംഘ രൂപീകരണം.

**II അറിയിപ്പ്-പ്രചാരണം** (വാർത്താബോർഡ് സ്ഥാപിക്കൽ, സർക്കുലർ കോപ്പി വീടുകളിലെത്തിക്കൽ, ക്ഷണക്കത്ത് നൽകൽ. എല്ലാം എസ്.ബി.വി. യൂണിറ്റ് മുഖേന)

**III: സാമാജികം**

**1. പ്രാർത്ഥന** (പ്രദേശത്തെ ഉന്നത പണ്ഡിതൻ), **2. സ്വാഗതം** (മദ്റസ സെക്രട്ടറി/സ്വദർ മുഅല്ലിം), 3. **അധ്യക്ഷം** (സമസ്ത/പ്രാദേശിക നേതാവ്), **4. ഉദ്ഘാടനം** (പ്രദേശത്തെ സയ്യിദ്/പണ്ഡിതൻ) **5. മുഖ്യപ്രസംഗം** (വിഷയം: ജംഇയ്യത്തുൽ മുഅല്ലിമീൻ സേവനപാതയിൽ ആറു പതിറ്റാണ്ട്) **6. ആദരം** (കമ്മറ്റി ഭാരവാഹിത്വം, ദീനീ നേതൃത്വം, സന്നദ്ധ സേവനം എന്നീ രംഗത്ത് കാലംകൊണ്ടോ കർമം കൊണ്ടോ പ്രശോഭിതരായ മഹല്ല് നിവാസികൾ, മതഭൗതിക പഠനരംഗത്ത് മികവ് തെളിയിച്ചവർ, അവാർഡ് ജേതാക്കളായ അധ്യാപകവിദ്യാർത്ഥികൾ എന്നിവരെ ഷാൾ അണിയിച്ചോ മൊമെന്റോ നൽകിയോ ആദരിക്കുക.) **7. മജ്ലിസുന്നൂർ, ദിക്റ് ദുആ** (നേതൃത്വം: മഹല്ല് ഖത്വീബ്)

**8. പഠന ക്ലാസ് I-** *വിശ്വശാന്തിക്ക് മതവിദ്യയാണ് പരിഹാരം: (ഉത്തമ തലമുറയുടെ സൃഷ്ടിപ്പിൽ മതവിദ്യയുടെ പ്രാധാന്യം, മതവിദ്യയുടെ അഭാവം സൃഷ്ടിക്കുന്ന അശാന്തി, അരാജകത്വം)*

**9. ആസ്വാദനം:** *(ഖുർആൻ പാരായണം, ബുർദ മജ്ലിസ്/മാലപ്പാട്ട്, പടപ്പാട്ട്. മദ്റസാ അധ്യാപക വിദ്യാർത്ഥികളിൽ നിന്ന് റെയ്ഞ്ച്-മേഖലാ-സ്റ്റേറ്റ് കലാമേളയിലോ SKSSF സർഗലയത്തിലോ പങ്കെടുത്ത മികവ് നേടിയവരുടെ പരിപാടികൾ)*

**10. ആശംസ,**

**11. നന്ദി**

**V: ഫണ്ട് സമാഹരണം:**

മുഅല്ലിം ഡെ പരിപാടിയോടനുബന്ധിച്ചോ തൊട്ടടുത്ത വെള്ളിയാഴ്ചയോ മദ്റസാ മഹല്ല് പ്രസിഡണ്ട്, സെക്രട്ടറി, ഖത്വീബ്, സ്വദർമാരുടെ മേൽനോട്ടത്തിൽ മുഅല്ലിം ക്ഷേമനിധി പ്രവർത്തന ഫണ്ടിലേക്ക് പരമാവധി സംഖ്യ സ്വരൂപിക്കുകയും ലഭിക്കുന്ന തുക അടുത്ത ദിവസം തന്നെ റെയ്ഞ്ച് സെക്രട്ടറിയെയോ അധികാരപ്പെടുത്തുന്നവരെയോ ഏൽപിച്ച് രശീത് വാങ്ങുകയും ചെയ്യണം. റെയ്ഞ്ച് സെക്രട്ടറിമാർ അത് സെപ്തംബർ 20-ന് ജില്ല നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിക്കേണ്ടതാണ്.

പരലോകത്ത് പ്രതിഫലപൂർണമായ ഒരു സ്വദഖയും കർമവുമായതിനാൽ മുഅല്ലിം ഡേ പരിപാടികളും ഫണ്ട് ശേഖരണവും വിജയിപ്പിക്കുന്നതിൽ മഹല്ല് മദ്റസാ മാനേജിങ് കമ്മിറ്റിക്കും നാട്ടുകാർക്കുമൊപ്പം മുഴുവൻ മുഅല്ലിംകളും ഭാഗഭാക്കാകേണ്ടതാണ്.

(ഈ സർക്കുലറിന്റെ കോപ്പി റെയ്ഞ്ചിലെ എല്ലാ മദ്റസാ മാനേജിങ് കമ്മിറ്റിക്കും നൽകേണ്ടതാണ്.)

സമസ്താലയം
30-05-2019

എന്ന്
ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി(ഒപ്പ്)
ജനറൽ സെക്രട്ടറി SKJMCC

**സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ**

**60 – ാം വാർഷിക മഹാ സമ്മേളനം**

**2019 ഡിസംബർ 27, 28, 29 (വെള്ളി, ശനി, ഞായർ)**

**കൊല്ലം ആശ്രമ മൈതാനം**